


# എഴുത്തോല@



**ഡിജിറ്റൽ മാഗസിൻ**

ആശംസകളോടെ.......

കോക്കല്ലൂർ ഗവ .ഹയർ സെക്കണ്ടറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് സാഭിമാനം പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസിൻ പ്രവർത്തനങ്ങൾക്ക് നിറഞ്ഞ ഭാവുകങ്ങൾ.
മാതൃകയാവട്ടെ, വരും കാലത്തിലേക്കും

സസ്നേഹം
രജനി കെ
ഹെഡ്മിസ്ട്രസ്
ജി .എച്ച്.എസ്.എസ്. കോക്കല്ലൂർ

# മാ നിഷാദാ

മനുഷ്യത്വം തെല്ലുമില്ലാതെ
മതിമറന്നു തെണ്ടി നടന്ന
കാട്ടു കവിത
പെട്ടെന്നാണ്   തപസ്സിരിക്കാൻ തീരുമാനിച്ചത്.
അടങ്ങി ഒതുങ്ങി
തലമുടി നീട്ടി
താടി വളർത്തി
മൺ കൂട്ടിൽ
മയങ്ങി കിടന്നു അവൻ.
പക്ഷേ
അമ്പെയ്ത്ത് കണ്ടു
അടങ്ങി ഇരിക്കാനാകാതെ,
അരുതായ്മ കേട്ട്
ഒതുങ്ങി കിടക്കാനാകാതെ
പതുക്കെ തല ഉയർത്തി
എന്നിട്ട്
ഉറക്കെ വിളിച്ചു പറഞ്ഞു
മാ നിഷാദാ....

**എം റംഷാദ്**

# തമ്പുരാൻ

അച്ഛനു വയ്യാതായി....
മകൻ കേറിയെങ്കിലും
തമ്പുരാൻ വണ്ടിക്കായി
കാത്തിരിക്കുന്നൂ ... ജനം

"കാണിക്കയർപ്പിച്ചിട്ടേ
തുടങ്ങൂ യാത്ര ! ഭക്തി
ഗാനത്താൽ തമ്പുരാനെന്നും
എത്രമേൽ വാഴ്ത്തപ്പെട്ടു. !!"

"തമ്പുരാനെന്തിന്നിത്രകാണിക്ക"യെന്നാരാനെങ്ങാൻ
ചോദിച്ചാൽ അച്ഛൻ പണ്ട്
കോമരം തുള്ളീ .. പോലും

ചോദ്യങ്ങൾ ഇഷ്ടപ്പെടും മകനും തമ്പുരാനെന്നും
കാണിക്ക കാണിക്കാനായ്
മുടക്കാതർപ്പിക്കുന്നു.

വിശ്വാസം കാണിക്കയായ്
ലഭിച്ചാൽ തനിക്കെന്നും
ആശ്വാസം അതാണല്ലോ
മകനും ചിന്തിക്കുന്നു.

റഫീക്ക് പൂനത്ത്

# സൂര്യോദയം

വിടരാൻ കൊതിക്കുന്ന പൂമൊട്ടുകളെയെല്ലാം
സൂര്യകിരണങ്ങൾ വിളിച്ചുണർത്തി
മഞ്ഞുതുള്ളിയിലെല്ലാം രത്നം വിതറി
പിന്നെ തളിരിലകളിലെല്ലാം തഴുകി
മഴവില്ലിൻ നിറമേഴും മേനിയിൽ ചാർത്തിയ
ശലഭങ്ങൾക്കെല്ലാം പ്രതീക്ഷയേകി
തുമ്പികൾക്കൊക്കെയും തേൻ നുകരാനായി
ഓരോരോ പൂവും വിടർത്തി നൽകി
മഞ്ഞിൻ പുതപ്പ് പുതച്ചുറങ്ങീടുന്ന
ഉണ്ണികളെയെല്ലാമുണർത്തി

പുതിയൊരു പുലരിയുണർന്നീടുകയായി
മാനത്ത് മരതകം മിന്നി.

കൃഷ്ണപ്രിയ എ വി.

# വേടനും കിളിയും

കിളിയുടെ പാട്ട് കേട്ട്
വേടന്റെ മനസ്സലിഞ്ഞു. വിരൽത്തുമ്പിൽപറന്നി
റങ്ങി
കിളി ചോദിച്ചു,
'എന്നെ  കൊണ്ടുപോകുമോ?
കൂട്ടരില്ല  ലോകത്ത്
എനിക്കൊരു കൂടെ ങ്കിലും മതി,
സ്നേഹമില്ല മനസ്സുകൾക്കിടയിൽ ഒരു നോട്ടമെങ്കിലും..... '
മനസ്സാർദ്രമായ്, മിഴി തുടച്ച്
മൗനം പൂണ്ട വേടൻ
പിന്നെ, തലോടുകയായിരുന്നു
ളുവലിൽ, ഹൃദയത്തിൽ.....

**ഷാജി കെ. കെ**

# സ്വത്വം

'ഒടുങ്ങാത്ത പക '
എന്ന വ്യാധിയുമായുള്ള-
യെൻ്റെ സഞ്ചാരപഥങ്ങളിൽ
നിന്നും ഞാനൾക്കൊണ്ടതെന്നു
മെന്നുമെന്നെ തന്നെ!
(എന്നെ മാത്രം.)
നിഷ്കർഷയില്ലാതെ
ഞാനെന്ന പ്രപഞ്ചം ഉന്മാദത്തിലാഴുന്നു.
സ്വത്വം നഷ്ടപ്പെട്ടൊരാ
നേരം,
പ്രത്യഹം ഞാൻ മരിക്കുന്നു,
ജീവിക്കുന്നു.
ഒടുങ്ങിയ വെളിച്ചം,
എന്തിനോ വേണ്ടി കാത്തിരിക്കുന്ന വിള്ളലേറ്റ മനസ്സ്,
കറുത്ത രക്ത മോടുന്ന  കരങ്ങൾ,
ചോദിക്കുന്നു നിത്യം,
ഇനി ആര്?
അനർഘമായി ഇനിഒന്നുമില്ല ,
എന്ന ചിന്ത അഭംഗുരമായ ഒരു
തീ യെ ജ്വലിപ്പിച്ചു നിർത്തുന്നു എന്നും.
പക്ഷെ അതും പുക മാത്രം
തരുന്നതായിരുന്നു .
അക്ഷരങ്ങൾ ഇല്ലാതെ
എങ്ങനെ ഞാൻ എഴുതും?!
എന്നെ ഞാൻ എനിക്കു  സമർപ്പിച്ചു കൊണ്ടു,
സ്വയം ഹത്യ ചെയ്തു ഞാൻ
ഒടുങ്ങുന്നു!
കവിത എന്ന കരകൗശലം ഞാൻ മറന്നു.
ആഗ്രഹങ്ങൾക്ക് അന്ത്യം.
ജീവിതത്തിനും.
ഒരു നിമിഷം...
പെട്ടെന്ന് എവിടെ നിന്നോ
ഒരു പ്രകാശം!.
അത് നീയായിരുന്നു.

ദിയ എം

# മറവി രോഗം

ഭ്രജാതനായപ്പോൾ
ഭ്രൂണാവസ്ഥ മറന്നു.
മുലപ്പാൽ വറ്റിയപ്പോൾ
മാതൃവാത്സല്യം മറന്നു.
പഠിക്കാൻ തുടങ്ങിയപ്പോൾ
പാൽപുഞ്ചിരി മറന്നു.
ഉദ്യോഗം കിട്ടിയപ്പോൾ
ഊരുതെണ്ടിയത് മറന്നു.
കെട്ട് കഴിഞ്ഞപ്പോൾ
കൂട്ടുകാരെ മറന്നു.
ഉണ്ണി ഉണ്ടായപ്പോൾ
ഉറ്റവരെ മറന്നു.
മറന്നു മറന്നു ജീവിച്ചൊടുവിൽ
മറവിക്കുഴിയിൽ മണ്ണായടിഞ്ഞപ്പോൾ
ഓർമദിനം പോലും ഓർത്തെടുക്കാൻ
മറ്റുള്ളവരും മറന്നു.
അലിഞ്ഞുചേർന്ന മണ്ണിനെങ്കിലും
അലസമായൊരോർമ്മ കാണുമോ
അടയാളങ്ങൾ ബാക്കിവയ്ക്കാതെ
കടന്നുപോയ പാഴ്ജന്മങ്ങൾ??

പ്രസീജ.പി

# ദൈവത്തിന്റെ സ്പർശനം

സൂര്യരശ്മികൾ കണ്ണുകളിൽ തട്ടി, ജനാലഴികളിലൂടെ പുലർ കാറ്റ് ഭംഗിയോടെ അവളുടെ ജഢപിടിച്ച എണ്ണമയമില്ലാത്ത മുടിയിൽ തലോടി പ്രഭാതത്തിന്റെ ചുംബനം ഏറ്റുകൊണ്ടിരിക്കെ അതാ ആ ബാലികയുടെ എല്ലും തോലുമായ ശരീരത്തിലേക്ക് തന്നോടൊപ്പം പണിയെടുക്കുന്ന കാര്യസ്ഥിയായ ചേച്ചിയുടെ ഉണങ്ങിയമിനുസമില്ലാത്ത പരുപരുത്ത ആ കൈ പതിക്കുന്നത്.തല ഉയർത്തിയപ്പോൾ കേട്ടത് ശകാരവാക്കുകളാണ്. പെട്ടന്ന് തന്നെ അവൾ തന്റെ നരച്ച ഉടുപ്പ് നോക്കി. ഇന്നലെ തന്നെ ഒരു കുട്ടി കളിയാക്കിയതാണ്. നല്ല ഉടുപ്പിടാൻ തനിക്ക് എന്നാണ് ഒന്നു കഴിയുക.

ഇത് ക്ലാര. ആരോരുമില്ലാത്ത പെൺകുട്ടി ഒരു അനാഥാലയത്തിലാണ് ജോലി ചെയുന്നത്. ദിനംപ്രതി അനാഥാലയത്തിൽ നിന്നും കുട്ടികളെ കൊണ്ടുപോവുമ്പോൾ ക്ലാരയും ഒന്ന് മോഹിക്കും. ക്ലാര പെട്ടന്ന് തന്നെ ഊട്ടുപുരയുടെ പിണപ്പുറത്തുനിന്നും ആ ഭാരമേറിയ പട്ടചൂല് എടുത്ത് സ്കൂളിന്റെ മുറ്റമെല്ലാം തുത്തുവാരി. അത് കഴിഞ്ഞ് അവൾ കാലും മുഖവുമെല്ലാം വെടിപ്പായി കഴുകി വൃത്തിയാക്കി. ഒരു ചുക്കുകാപ്പിക്കായി പുക നിറഞ്ഞ അടുക്കളയിലേകോടി. അവിടെ അവളെ കുറച്ചെങ്കിലും സ്നേഹിക്കുന്നത് തങ്കമ്മയാണ്. കാര്യസ്ഥയുടെ ശകാരവും വഴക്കും ഒക്കെ അനുഭവിക്കുമ്പോൾ അവൾക്ക് ആകെയുള്ള ആശ്വാസം താങ്കമ്മയാണ്. തങ്കമ്മ കല്യാണം കഴിച്ചിട്ടില്ല. എപ്പോളും ക്ലാര അവരോട് തന്റെ അമ്മയെ കുറിച്ചു ചോദിക്കും. അപ്പോൾ അവർ അവളെ മുറ്റത്തേക്ക് കൊണ്ടുപോയി നിലാവെള്ളിച്ചതിന്റെ വെട്ടത്തിൽ നക്ഷത്രത്തെ കാണിച്ചു കൊണ്ട് അത് തന്റെ അമ്മയാണെന്ന് പറഞ്ഞു ക്ലാരയെ ആശ്വസിപ്പിക്കും. ഓരോ കുട്ടിയേയും കൊണ്ടുപോവുമ്പോൾ ക്ലാരയും ദൈവത്തോട് മുട്ടുകുത്തി പ്രാർത്ഥിക്കും. തന്നെയും എന്നെങ്കിലും ആരെങ്കിലും കൊണ്ടുപോവാൻ വാരും എന്ന പ്രതീക്ഷയോടെ.ഒരിക്കൽ അവൾ ചക്കരക്കാപ്പി കുടിക്കാൻ വേണ്ടി അടുക്കളയിലേക്ക് വന്നപ്പോൾ പുക നിറഞ്ഞ അടുക്കളയിൽ തന്റെ തുടുത്തു വെളുത്ത ശരീരം വളച്ചു ഒരു കുഴലിലൂടെ ശക്തിയായി അടുപ്പിലേക്ക് ഊതുകയായിരുന്നു താങ്കമ്മ അവളെ നോക്കി. ചുവന്നു കലങ്ങി മറിഞ്ഞ കണ്ണുകളും വിയർത്തു മുടിയിഴക്കൾ മുഖത്തു പറ്റിയിരിക്കുന്നു. അവൾക്ക് ചക്കരകാപ്പി കൊടുത്തിട്ട് പറഞ്ഞു "നിന്നെ ഞാൻ എന്റെ മകളായി വളർത്താൻ പോകുന്നു "ആ കണ്ണുകളിൽ ആനന്ദത്തിന്റെയാണോ സങ്കടത്തിന്റെയോ കണ്ണുനീർ നിറഞ്ഞത് എന്ന് ക്ലാരയ്ക്ക് അറിയില്ല. അവിടെ അവൾ ജീവിതത്തിന് തുടക്കം കുറിച്ചു.

Sana Fathima Noushad

# വിജയത്തിന്റെ നിഴൽ

അ വലിയ സദസ്സിൽ അവതാരികയുടെ വാക്കുകൾ പ്രതിധ്വനിച്ചു അവിടെ വിശിഷ്ടാതിഥി ഡോക്ടർ ജോർജ് സാറിനെ ഈ വേദിയിലേക്ക് സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

ജോർജ് ഭവ്യതയോടെ ഇരിപ്പിടത്തിൽ നിന്ന് മൈകിന്റെ അടുത്തേക്ക് ചെന്നു ഒരു നെടുവീർപ്പെട്ടു കൊണ്ട് കാണികളെ അഭിസംബോധന ചെയ്തു.

പ്രിയ സ്നേഹിതരെ ഈ വേദിയിൽ നിങ്ങൾക്കു മുന്നിൽ നിൽക്കുമ്പോൾ വളരെ സന്തോഷം തോന്നുന്നു. തലയുയർത്തി നിൽക്കാൻ എന്നിൽ വെളിച്ചം പകർന്ന അധ്യാപകർ, രക്ഷിതാക്കൾ, എല്ലാ സുഹൃത്തുക്കളെ

ഞാൻ ഈ വേളയിൽ സ്മരിക്കുന്നു ആദ്യമായി നിങ്ങൾക്ക് മുന്നിൽ ഞാൻ ഒരു കഥ അവതരിപ്പിക്കാം ആത്മവിശ്വാത്തിന്റെയും ധൈര്യത്തിന്റെയും കഥ.ഒരു നിമിഷം നിശബ്ദനായി കൊണ്ട് അയാൾ തുടർന്നു. അന്നൊരു തുലാവർഷ മഴ പെയ്തു കൊണ്ടിരിക്കുകയായിരുന്നു ഓല മേഞ്ഞ ആ കുരയിലേക്ക് വെള്ളം ചോർന്നൊലിക്കുന്നു ഉണ്ടായിരുന്നു ദാരിദ്ര്യത്തിന് മാറാല പിടിച്ച് ആ കൊച്ചു കുടുബം. അമ്മയും ഒരു മോനും അച്ഛൻ മരിച്ചതിൽ പിന്നെ വയ്യാത്ത അമ്മേ നോക്കേണ്ട ബാധ്യത അവനിൽ ആവുകയായിരുന്നു. ബാല്യകാലത്തിലെ സുഖം അറിയാതെ ആ കുരയിൽ വളർന്ന അവരിൽ വലിയ നിശ്ചയദാർഢ്യം ഉണ്ടായിരുന്നു.അമ്മയുടെ സന്തോഷം ആയിരുന്നു അതിനു വലുത് വയ്യായ്ക മാറ്റിനിർത്തി തന്റെ മകന്റെ വിദ്യാഭ്യാസത്തിനായി അമ്മ പലവീടുകളിലും അടുക്കള ജോലി എടുക്കേണ്ടി വന്നു വൈകുന്നേരമാവുമ്പോഴേക്കും തളർന്നു വരുന്ന അമ്മയുടെ മുഖം അവനിൽ നൊമ്പരം സൃഷ്ടിച്ചു. ഒരു ഉറച്ച തീരുമാനത്തോടെ അവൻ വിദ്യ തേടി.തന്റെ അമ്മയുടെ ത്യാഗത്തിനു പകരം ആ മുഖത്ത് ഞാൻ പുഞ്ചിരി വരുത്തി എന്ന വിശ്വാസത്തിൽ അവൻ മുന്നോട്ടുപോയി. പലപ്പോഴും തളർന്നിരിക്കുന്ന അർദ്ധ യാമങ്ങളിൽ ആ മാതാവ് മകന്റെ നെറുകയിൽ തലോടി പറയാറുണ്ടായിരുന്നു മോനെ എന്റെ കുട്ടി പഠിച്ചു നല്ലൊരു ഡോക്ടർ ആവണം കേട്ടോ.എന്റെ മോൻ നല്ലൊരു ഉയർന്ന സ്ഥാനത്ത് നിൽക്കുന്നതാണ് ഈ അമ്മയുടെ സന്തോഷം. നിന്റെ അച്ഛൻ ഒരുപാട് പ്രതീക്ഷകൾ ആയിരുന്നു. പക്ഷേ.....വിധി..... വാക്കുകൾ പൂർത്തിയാകാൻവാതെ ഇടറി.കണ്ണിൽ നിന്നും ചുടുനീർ ഒലിച്ചിറങ്ങി. ആ പിഞ്ചു മകനിലും നൊമ്പരം ഉണർത്തി.ആ നിമിഷം അവനിൽ ഒരു ദൃഢനിശ്ചയം ഉണർന്നു. പിന്നീടവൻ അധ്യാപകരുടെ കണ്ണിലുണ്ണിയായി മാറി. അവൻ ലക്ഷ്യം യാഥാർത്ഥ്യമാക്കാൻ പല പ്രയാസങ്ങളും നേരിടേണ്ടിവന്നു.എല്ലാം തരണം അവൻ ചെയ്തു. ഒടുവിൽ അവൻ തന്റെ അമ്മയ്ക്ക് മുന്നിൽ സേതെസ്കോപുമായി വന്ന് നിന്നു. ആ സമയം അവനിൽ ആത്മനിർവൃതിയുടെ പൂത്തിരി കത്തി. അമ്മയുടെ കണ്ണിൽ നിന്നും സന്തോഷക്കണ്ണീർ പൊഴിയുന്നത് അവൻ ആസ്വദിച്ചു. ആ മിഴികളിലെ തിളക്കവും ആ ചുണ്ടിലെ പുഞ്ചിരിയും അമ്മയ്ക്കുവേണ്ടി താൻ സമർപ്പിച്ചപ്പോൾ അവനിൽ ആഹ്ലാദം ചെലുത്തി. മകനെ ചേർത്തുപിടിച്ച് അമ്മ നെറുകയിൽ മുത്തി കൊണ്ട് പറഞ്ഞു എന്റെ മോൻ.... നല്ല കുട്ടി ആട്ടോ. ഇടറുന്ന വാക്കുകളോടെ അമ്മ അവനെ പൊതിഞ്ഞു പിടിച്ചു. അവനിലും നിലയ്ക്കാത്ത സന്തോഷം ഉണർന്നു വന്നു. അമ്മയുടെ സന്തോഷത്തിനുവേണ്ടി ആ മാതൃഹൃദയത്തെ കുളിപ്പിക്കാൻ വേണ്ടി തന്റെ സ്വപ്നം യഥാർത്യത്തിനുവേണ്ടി പ്രയത്നിച്ച ആ കുട്ടിയാണ് അവസാനം തന്റെ ലക്ഷ്യം കരസ്ഥമാക്കി കൊണ്ട് ഇന്ന് നിങ്ങൾക്ക് മുന്നിൽ നിൽക്കുന്ന ഈ ഞാൻ. പതിയെ അയാൾ മൗനിയായി നിശബ്ദമായി എല്ലാം ശ്രവിക്കുന്ന കാണികൾക്ക് അതൊരു ഞെട്ടലായിരുന്നു ഈ ഉയർന്ന സ്ഥാനത്തു നിൽക്കുന്ന ഡോക്ടർ ജോർജ് തന്നെയാണോ എന്ന് പോലും സംശയിച്ചു. പൊടുന്നനേ അവിടം പ്രോത്സാഹന ശബ്ദമുയർന്നു. കൈയ്യടിച്ച് എല്ലാവരും അദ്ദേഹത്തെ ആദരിച്ചു അത് അയാളിൽ തെല്ലൊന്നുമല്ല മനം കുളിർപ്പിച്ചത്.വീണ്ടും അയാൾ തുടർന്നു സന്തോഷം ഇനി എനിക്ക് നിങ്ങളോട് പറയാനുള്ളത് കടൽപക്ഷികൾ സൂര്യനു നേരെ പറന്നടക്കുന്നത് നിങ്ങൾ കണ്ടിട്ടുല്ലേ. അവരുടെ ആത്മധൈര്യതെ കുറിച്ച് നമ്മൾ ചിന്തിച്ചു നോക്കിയിട്ടുണ്ടോ? അതുപോലെ നമ്മൾ ഓരോരുത്തർക്കും ഉണ്ടാവുമല്ലോ ഓരോരോ സ്വപ്നങ്ങൾ. അവ വെറും സ്വപ്നം മാത്രം ആവാതിരിക്കുക ലക്ഷ്യം കൂടി ആവണം. എന്നിട്ട് അതിനു വേണ്ടി ആത്മാർത്ഥമായി ആഗ്രഹിച്ചു അതിനുവേണ്ടി പ്രയത്നിക്കുക കൂടി ചെയ്യണം.അപ്പോഴാണ് നാം ലക്ഷ്യത്തിൽ എത്തിച്ചേരുക എപിജെ അബ്ദുൽ കലാമിന്റെ വാക്കുകൾ നിങ്ങൾ ഓർക്കുന്നില്ല? ഉറക്കത്തിൽ കാണുന്നതല്ല സ്വപ്നം ഉറക്കം കെടുത്തുന്നതാണ് സ്വപ്നം എന്നത് എത്ര മനോഹരം ആണല്ലേ ആ വരികൾ.

**MUBASHIRA NAJA**

# ആമി

'ചേച്ചീ പുസ്തകം വാങ്ങിക്കുന്നോ ? '
ഞാൻ ശബ്ദം കേട്ടഭാഗത്തേക്ക് തിരിഞ്ഞ് നോക്കി. നിഷ്കളങ്കമായ മുഖഭാവമുള്ള ഒരു എട്ട് വയസുകാരി.
ഞാൻ പറഞ്ഞു
'എനിക്കെന്തിനാ പുസ്തകം , മോൾക്ക് വേണമെങ്കിൽ ഞാൻ അതിന്റെ വില തരാം പുസ്തകം മോള് വച്ചോ '.
ഇത് കേട്ടതും അവളുടെ മുഖം വാടി. അവൾ പറഞ്ഞു
'വെറുതെ ആരോടും പണം വാങ്ങരുതെന്ന് അമ്മ പറഞ്ഞിട്ടുണ്ട് '
എനിക്ക് അവളോട് കൃതജ്ഞത തോന്നി. ഞാൻ അവളോട് ചോദിച്ചു
'എന്താ മോളെ പേര് '
'ആമി'
പുഞ്ചിരിച്ചുകൊണ്ട് അവൾ പറഞ്ഞു.
ഞാൻ അവളുടെ കയ്യിൽ നിന്ന് ഒരു പുസ്തകം വാങ്ങി,
താളുകൾ മറിച്ചിട്ടു നോക്കി.
അതിൽ നിറയെ ചിത്രം വരച്ചിരിക്കുന്നു ആ എട്ടുവയസ്സുകാരി.
ഞാൻ അത്ഭുതപ്പെട്ടുപോയി.
ഞാൻ പണം കൊടുത്ത് അവളോട് യാത്രപറഞ്ഞ് വേഗം ഓഫീസിലേക്ക് ചെന്നു. ദിവസവും ഞങ്ങൾ തമ്മിൽ കാണുമായിരുന്നു.
വളരെ പെട്ടെന്ന് തന്നെ ഞങ്ങൾ സുഹൃത്തുക്കളായി മാറി. പ്രായത്തിൽ കവിഞ്ഞ പക്വതയും ഉത്തരവാദിത്വബോധവും എനിക്ക് അവളിൽ കാണാൻ കഴിഞ്ഞു. ഓരോ ദിവസം കഴിയുന്തോറും അവളെ എനിക്ക് ആഴത്തിൽ മനസ്സിലാക്കാൻ സാധിച്ചു.

ഒരു നേരം വൈകിയ ദിവസം ഞാൻ ബസ്സിലേക്ക് ഓടിക്കയറുന്ന അതിനിടയിൽ അവൾ ഒരു മടക്കിയ കടലാസ് എന്റെ നേരെ നീട്ടി.
ഞാൻ അതും വാങ്ങി വേഗം ഓഫീസിലേക്ക് പോയി.
ഒഴിവുസമയം ആ കടലാസ് നിവർത്തി നോക്കിയ ഞാൻ ഏറെ അത്ഭുതപ്പെട്ടു പോയി.
എന്നെ ആമി മനോഹരമായ വരച്ചിരിക്കുന്നു. എനിക്കവളോട് വളരെ ബഹുമാനവും സ്നേഹവും തോന്നി.
ദിവസങ്ങൾ കഴിയുന്തോറും അവൾ എന്നെ അത്ഭുതപ്പെടുത്തി കൊണ്ടേയിരുന്നു. ഒരിക്കൽ ഞാൻ ബസ്റ്റോപ്പിലേക്ക് ചെന്നപ്പോൾ ആമി എന്നെയും കാത്തിരിക്കുന്നുണ്ടായിരുന്നു. ഞാൻ അവളോട് ചോദിച്ചു
'ഇന്നെന്താ ആമി സുന്ദരിയായല്ലോ '
' അതേ... ചേച്ചീ ഇന്നെന്റെ പിറന്നാളാ... '
'ആഹാ... Happy birthday ആമി '
' പിറന്നാൾകാരിക്ക് എന്താ സമ്മാനം വേണ്ടത് '
' ചേച്ചി എന്റെ കൂടെ വീട്ടിലേക്ക് വരാമോ ?'
' അതിനെന്താ... ഞാൻ ഓഫീസ് വിട്ട്  വൈകീട്ട് വരാം'
'ശെരി ചേച്ചി'
അവൾ സന്തോഷത്തോടെ വീട്ടിലേക്ക് മടങ്ങി. വൈകുന്നേരം അവൾക്ക് എന്താ ഗിഫ്റ്റ് വാങ്ങുക എന്ന് ഞാൻ വളരെയധികം ചിന്തിച്ചു. പിന്നെ അവളുടെ ചിത്രങ്ങൾ മനസ്സിൽ വന്നപ്പോൾ നല്ലൊരു ഡ്രോയിങ് കിറ്റ് തന്നെ വാങ്ങി.

അവൾ എന്നെയും കാത്ത് ബസ്റ്റോപ്പിൽ നിൽക്കുന്നുണ്ടായിരുന്നു. അവളുടെ കണ്ണുകളിൽ തിളങ്ങുന്ന സന്തോഷത്തെ ഞാൻ കണ്ടു.
അവളെന്നെ ഒരാത്മാർത്ഥ സുഹൃത്തായി കാണുന്നത് ഓർത്ത് ഏറെ അഭിമാനവും ആഹ്ലാദവും തോന്നി.
അവളുടെ കൂടെ ഒരു ചെറിയ ഇടവഴിയിലൂടെ ഞാൻ നടന്നു.
ഞങ്ങൾ ഒരു ചെറിയ ഓലമേഞ്ഞ വീഴാറായ ഒരു കുടിലിന്റെ മുന്നിൽ എത്തി.
'അമ്മേ... '
അവൾ നീട്ടി വിളിച്ചു.

അവർ ആമിയുടെ സന്തോഷത്തിനുവേണ്ടി പായസം എവിടുന്നോ ഒപ്പിച്ചെടുത്തതാണെന്ന് എനിക്ക് മനസ്സിലായി. അകത്തു നിന്ന് അഞ്ച് വയസ്സുള്ള ഒരു കുട്ടി കണ്ണ് തിരുമ്മി എഴുന്നേറ്റ് വന്നു. ഞാൻ അവൾക്ക് ചോക്ലേറ്റ് നൽകി. അവൾ അതും വാങ്ങി അമ്മയുടെ നിറമില്ലാത്ത സാരി തലപ്പിലേക്ക് ഒട്ടി നിന്നു. ആമി എനിക്ക് ഓരോ ചിത്രങ്ങൾ അടങ്ങിയ പുസ്തകം കാണിച്ചു തന്നു. ശേഷം കുറേ പുസ്തകത്തിന്റെ ശേഖരം കാണിച്ചു തന്നു.

' ഇതൊക്കെ എന്റെ അനിയത്തിക്ക് പഠിക്കാനുള്ളതാ... അവളെ ഞാൻ പഠിപ്പിച്ചു വലുതാകും... ല്ലേ കുഞ്ഞോളേ... '

ആമി അവളോടായി പറഞ്ഞു. അവൾ അതിന് ചിരിച്ചു കാണിച്ചു. അവൾ എന്നോട് പറഞ്ഞത് ഓർത്ത് എനിക്ക് അവളോട് ഏറെ ബഹുമാനം തോന്നി.

നിറം പോരാ എന്നു രുചി പോരാ എന്നും പറഞ്ഞ് വലിച്ചെറിഞ്ഞ വസ്തുങ്ങളും ഭക്ഷണങ്ങളും ഒക്കെ ഓർത്തപ്പോൾ എനിക്ക് എന്നോട് തന്നെ പുച്ഛം തോന്നി.

ഞാൻ അവൾക്ക് സമ്മാനം നൽകി.

അവളുടെ കണ്ണിൽ നിന്നും ആനന്ദക്കണ്ണീർ ഉതിർന്നു വീണു.

'അയ്യേ... പിറന്നാള്കാരി കരയാണോ '

ഞാൻ ചോദിച്ചു.

'സന്തോഷംകൊണ്ടാ ചേച്ചീ... ആദ്യായിട്ടാ എനിക്ക് ഒരാൾ സമ്മാനം തരുന്നത് '.

ഞാൻ അവളെ ഏറെനേരം നോക്കിനിന്നു.

ശേഷം അവളെ മാറോടണച്ച് യാത്രപറഞ്ഞിറങ്ങി.

അന്ന് മുഴുവൻ ആമി എന്റെ മനസ്സിലൂടെ ഓടി നടന്നു.

Husna khusaimath

# ലഹരി ഭീകരൻ

“വായനശാലയിലില്ല,
കല്യാണവീട്ടിലോ മരണവീട്ടിലോ
ഇല്ല,കളിയിടത്തോ,
ജാതയിലോ ഇല്ല.
പ്രിയപ്പെട്ട യുവാവേ എവിടയാണ്
നീ നഷ്ടമാവുന്നത്?
“റിയലീ ഐ, മിസ്സ് യൂ ഡാ"

കവി കല്പറ്റയുടെ കവിതയിലെ വരികളാണിവ. ഇന്നത്തെ സമൂഹത്തിന്റെ അവസ്ഥയെ നോക്കിക്കണ്ട് അതിനെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ വാക്കുകൾ. ഓരോ സാഹിത്യകാരന്മാരും ഇങ്ങനെ ലഹരിയുടെ ഇരുട്ടിലെ മനുഷ്യസ്വഭാവത്തെ വിവരിക്കുന്നു.ലഹരിയുടെ ഇരുട്ടിലേക്ക് തെന്നി മാറുകയാണ് നമ്മുടെ സമൂഹം. നല്ല മാർഗങ്ങളിലൂടെയുള്ള ജീവിതം ഇല്ലാതാക്കിക്കൊണ്ട് പല തെറ്റായ രീതികളിലേക്കും മാറുന്നു.

കൂട്ടുകാരുടെ കൂടെയും സന്തോഷത്തിലും ഒരു ആനന്ദകരത്തിന് ലഹരി ഉപയോഗിക്കുന്നു. ഇത്തരത്തിൽ കൗമാരക്കാരാണ് ഇതിന്റെ അടിമയായി മാറുന്നത്. കാണുന്നതെന്തും ആകർഷകമാകുന്നതെന്തും വശത്താക്കുക എന്ന ചിന്തയോടെയാണ് അവർ മുന്നേറുന്നത്. നല്ലതേത് ചീത്തതേത് എന്ന ചിന്തിക്കാൻ പോലുമവർ ഇഷ്ടപ്പെടുന്നില്ല. ‘കാലൻ' എന്ന വാക്കിന് ഉത്തമമാണ് ഇന്ന് ലഹരിയുടെ വരവ്.

സമൂഹത്തിൽ ഒരു വീട് നോക്കുകയാണെങ്കിൽ തന്നെ അവിടെ ഒരാളെങ്കിലും ലഹരിയിൽ അടിമയായി നിൽക്കുകയായിരിക്കും. അങ്ങനെ സ്വന്തം ജീവനെ അവർ തന്നെ നശിപ്പിക്കുന്നു. ലഹരിയുടെ ദുരിതം അനുഭവിക്കുന്നവർ അതിന്റെ ഉപഭോക്താക്കൾ മാത്രമല്ല, അവിടെ നിലകൊള്ളുന്നവരുടെയും കൂടി പ്രശ്നമായി അത് മാറുന്നു.

ഇത്തരത്തിൽ ലഹരി ജീവന് ആപത്തും ഭീഷണിയും ആകുന്നു. കാലം മാറുമ്പോൾ ജീവിതരീതികളിലും വരുത്തുന്ന മാറ്റമാണ് ഇതിന് കാരണം. വീട്ടിൽ നിന്നുള്ള സമ്മർദ്ദം, പല പരാജയങ്ങളും, വിരഹം തുടങ്ങിയവ ലഹരി ഉപയോഗത്തിലേക്ക് നയിക്കുന്നു. പിന്നീട് അകൽച്ചയും, ഒറ്റപ്പെടലും, മാനസികമായ സമ്മർദ്ദങ്ങളും, ആരോഗ്യമില്ലായ്മയും നാം നേരിടേണ്ട പ്രശ്നങ്ങളായി മാറുകയാണ്. കവി കല്പറ്റയുടെ വരികളിലും തെളിയുന്നത് ഇന്നത്തെ സമൂഹത്തിന്റെ ഭാവങ്ങൾ തന്നെയാണ്. മുഖഭാവം മാറുന്നതുപോലെ മനുഷ്യർ ലഹരിയുടെ വലയിൽ കുടുങ്ങിപ്പോവുകയാണ്. ഇങ്ങനെ ലഹരി ഒരു ഭാകരനായി മാറുകയാണ്. ലഹരിയിൽ മുങ്ങിത്താഴുന്നവരുടെ ജീവിതവും അതിദയനീയമാണ്. തുടക്കത്തിൽ ഒരു ആനന്ദത്തിന് ഉപയോഗിച്ചത് പിന്നീട് അവരുടെ ജീവൻ തന്നെ ഇല്ലാതാക്കുകയാണ്, യഥാർഥത്തിൽ അതാണ് സംഭവിക്കുന്നത്.

കുടുംബബന്ധങ്ങൾ പിരിമുറിയുന്നു, ഏകാന്തത മനസ്സിൽ തെളിയുന്നു, എന്തും ചെയ്യാനുള്ള മനസ്സ് വരുന്നു, അങ്ങനെയാണ് പല ക്രൂരകൃത്യങ്ങളിലേക്കും ലഹരിയുടെ അടിവകൾ ചെന്നെത്തുന്നത്. എങ്കിൽ ജീവിതത്തിൽ അതിനുമുമ്പനുഭവിച്ച സുഖസൗകര്യങ്ങൾ പിന്നെയില്ലെന്നറിയുമ്പോഴും, ആരും കൂടെയില്ലെന്നറിയുമ്പോഴുമാണ് ജീവിതത്തിൽ ചെയ്ത തെറ്റെന്തെന്ന് മനസ്സിലാക്കുന്നത്. ലഹരിയുടെ ആഴങ്ങളിൽ മുങ്ങിത്താഴുന്ന യൗവനത്തെ കുറിച്ച് മനസ്സിലാകണമെങ്കിൽ അതിന്റെ ഭവിഷത്ത് എത്രത്തോളമാണെന്ന് മനസ്സിലാക്കണം. ലഹരിയുടെ ദുരിതമനുഭവിക്കുന്ന ജീവിതങ്ങൾക്കാണ് പിന്നീട് മനസ്സിലാകുക. ഇതെല്ലാം വെറുമൊരു രസമല്ലെന്ന്, ജീവിതം തകർക്കുമെന്ന്. മരണത്തിലേക്ക് വരെ കൊണ്ടുപോകുന്ന ലഹരി ഉപയോഗം മനുഷ്യരാശിക്ക് കൊടും നിഴലാണ്.

നാം നിയമസംവിധാനങ്ങൾ കർശനമാക്കിക്കൊണ്ട് ആ ദുരിതം അനുഭവിക്കാത്തവരായി മാറണം. അല്ലെങ്കിൽ അത് അസഹനീയമാകും. യുവത്വവും ജീവിതവും സമൂഹവും ലഹരി എന്ന ഭീകരന്റെ വലയിൽ കുടുങ്ങാതെ ആ ചിന്തകളിൽനിന്ന് മാറി ഉയരണം, ജീവിതം

ലഹരിയെ പഠനമായി, അറിവായും, കളിയായും കൊണ്ടുവരിക, ജീവിതത്തിൽ നിന്നും ഒഴിവാക്കാൻ കഴിയണം, ഭീകരനായ ലഹരിയെ.

നല്ലൊരു നവലോകം സൃഷ്ടിക്കാൻ
നാം മുന്നേറുക, മുങ്ങിത്താഴാതെ.....
ലഹരിയാകുന്ന കടലിൽനിന്ന്...



**- ശ്രീലക്ഷ്മി എം**
**9D ക്ലാസ്**
**G.H.S.S കോക്കല്ലൂർ**



VEDHIKA J S



VEDHIKA J S




**VAIGA KRISHNA C**

# അശ്രു

ശ്രീ ജയശങ്കർ പ്രസാദ്

ഈ കരുണാർദ്രമാം ഹൃദയത്തിൽ
വ്യാകുലമാം രാഗസ്പന്ദനം മീട്ടുന്നു.
വിലാപ സ്വരങ്ങളിൽ അതിരറ്റ
വേദനയുടെ ഗർജ്ജനം എന്തിന്?
മാനസ സാഗര തടങ്ങളിൽ
ലോലമാം തിരകൾ തൻ
ഗർജ്ജനം എന്തിന്?
കളകളാരവത്താൽ ഉരയുന്നു
വിസ്മൃതമാം കൊച്ചു ഭൂതകാലം.
ശൂന്യമാം ചക്രവാളത്തിൽ നിന്നും
എന്തിനെൻ സ്വരം പ്രതിധ്വനിക്കുന്നു?
അലസയായ് വിലപിക്കും ഭ്രാന്തിയെപ്പോൽ
എന്തിനെൻ ചുറ്റും പ്രദക്ഷിണം വയ്ക്കുന്നു?
വ്യഥിതയാം ഗംഗാജലം പോലിരു-
കരകളിൽ ചിതറിത്തെറിച്ചെൻ
ചേതനയാം തരംഗിണി
മൃദുലമാം ഓളമിടുന്നു.
സ്മൃതികളാം കൂട്ട വച്ചിതെൻ ഹൃദയത്തിൽ
നീലാംബരത്തിൽ പരക്കും
നക്ഷത്രലോകം പോലെ .

(തർജ്ജമ... രേഖ. എം)

# കഥകളി

കേരളത്തിലെ  തനതായ ദൃശ്യ കലാരൂപമാണ് കഥകളി. രാമനാട്ടം എന്ന കഥ പരിഷ്കരിച്ചാണ് കഥകളി ഉണ്ടായത്. കഥകളിയിലെ വേഷങ്ങളെ പ്രധാനമായും പച്ച ,കത്തി,കരി,താടി, മിനുക്ക് എന്നിങ്ങനെയാണ്. ക്ഷേത്ര സന്നിധികളിലും മറ്റും രാത്രിയിലാണ് കഥകളി അവതരിപ്പിക്കപ്പെടുന്നത്. കഥകളിയുടെ സാഹിത്യ രൂപമാണ് ആട്ടക്കഥ.കേരളത്തിലെ ഒരു നാട്യകലയായ കഥകളിയെ സർവ്വദാരണീയമായ ഒരു ദൃഷ്യകലയാക്കിമാറ്റിയത് കോട്ടയം കേരളവർമ്മ തമ്പുരാനാണ്. കഥയെ അടിസ്ഥാനമാക്കി കളിക്കുന്നത് എന്ന അർത്ഥത്തിലാണ് കഥകളി എന്ന് പറയുന്നത്.

ഫിദ ഫാത്തിമ

# നന്ദി